## ഒരു മണിക്കൂർ ജോലി തടസ്സപ്പെടുത്തിയതിന് പിരിച്ചുവിട്ട തൊഴിലാളിയെ 25% മുൻകാല വേതനം സഹിതം തിരിച്ചെടുക്കണം

### സുപ്രീം കോടതി

C.A. No. 201/2020 Dt. 10.1.2020

നന്ദ്കിഷോർ ശ്രാവൺ അഹിറാവു

x

കോസൻ ഇൻഡസ്ട്രീസ് (പി) ലിമിറ്റഡ്

ഫാക്ടറിയിൽ യന്ത്രഭാഗങ്ങൾ കൂട്ടിയോജിപ്പിക്കുന്ന വകുപ്പിലാണ് തൊഴിലാളി ജോലി ചെയ്തു വന്നത്. അപ്രകാരമിരിക്കെ 1992–ൽ ഒരു ദിവസം ഉച്ചക്കു മുമ്പുള്ള ഒരു മണിക്കൂർ സമയം തൊഴിലാളി ആ വകുപ്പിലെ ജോലി തടസ്സപ്പെടുത്തി. ഇത് മേനേജ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്പോൾ അയാളെ സസ്പെന്റ് ചെയ്യുകയും അയാൾക്ക് കുറ്റപത്രം നല്കുകയും ചെയ്തു. തുടർന്ന് അയാൾക്കെതിരെ ഗാർഹികാന്വേഷണം നടത്തി. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്ന് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. അതിന്റെ അടി സ്ഥാനത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴി ലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. ഗാർഹികാന്വേഷണത്തിൽ പിഴവുണ്ടെന്നും ശിക്ഷ കഠിനമാണെന്നും വിലയിരുത്തിയ ലേബർ കോടതി തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കുകയും അയാളെ 25% മുൻകാല വേതന ത്തോടെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ലേബർ കോടതിയുടെ വിധി സിംഗിൾ ബഞ്ച് ശരി വച്ചെങ്കിലും തൊഴിലിൽ തുടർച്ചയോ 25% മുൻകാല വേതനമോ ലഭിക്കാൻ അയാൾക്ക് അർഹ തയില്ലെന്നാണ് വിധിച്ചത്. ഇതിനെതിരെ തൊഴിലാളി ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചെ ങ്കിലും അത് നിയമപ്രകാരം നിലനില്ക്കില്ലെന്ന കാരണത്താൽ തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് തൊഴിലാളി സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഗാർഹികാന്വേഷണം കുറ്റമറ്റ രീതിയിലല്ല നടത്തിയതെന്നും ശിക്ഷ അമിതമാണെന്നും വിധിച്ച ലേബർ കോടതിയുടെ വിധി ശരിവച്ചതിനു ശേഷം തൊഴിലിൽ തുടർച്ചയും മുൻകാല വേതനവും നിഷേധിച്ച ഹൈക്കോട തിയുടെ നടപടി ന്യായമല്ലെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. തൊഴിലിൽ തുടർച്ച പ്രകടമായി നിഷേധിക്കാത്തിടത്തോളം തിരിച്ചെടുക്കുന്ന തൊഴിലാളിക്ക് തൊഴിലിൽ തുടർച്ച ലഭ്യമാണെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. പിരിച്ചുവിടപ്പെട്ടതിനു ശേഷം മൂന്ന് വർഷത്തോളം മറ്റൊരി ടത്ത് ജോലി ചെയ്ത് വേതനം കൈപ്പറ്റി എന്ന ഒറ്റ കാരണത്താൽ മുൻകാല വേതനം പൂർണ്ണമായി നിഷേധിച്ച ഹൈക്കോടതിയുടെ നടപടി ശരിയല്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി. പിരി ച്ചുവിട്ട തൊഴിലാളിക്ക് ഇതിനിടെ വിരമിക്കൽ പ്രായം തികഞ്ഞതിനാൽ സകലവിധ ആനുകൂ ല്യങ്ങളും മൂന്ന് മാസത്തിനുള്ളിൽ തൊഴിലാളിക്ക് നല്കണമെന്ന് ഉത്തരവിട്ട സുപ്രീം കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും ഹൈക്കോടതിയുടെ വിധി റദ്ദാക്കുകയും തൊഴി ലാളിയുടെ അപ്പീൽ അനുവദിക്കുകയും ചെയ്തു.